ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# സദ്‌വിചാരം സൽകർമമാണ്

عن أَبي كَبْشَةَ الأَنَّمَارِيّ، أَنَّهُ سَمِعَ رَسُولَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: وأُحَدِّثُكُمْ حَدِيثًا فَاحْفَظُوهُ قَالَ: (إِنَّمَا الدُّنْيَا لأَرْبَعَةِ نَفَرٍ: عَبْدٍ رَزَقَهُ اللَّهُ مَالاً وَعِلْمًا فَهُوَ يَتَّقِي فِيهِ رَبَّهُ، وَيَصِلُ فِيهِ رَحِمَهُ، وَيَعْلَمُ لِلَّهِ فِيهِ حَقًّا، فَهَذَا بِأَفْضَلِ الْمَنَازِلِ، وَعَبْدٍ رَزَقَهُ اللَّهُ عِلْمًا وَلَمْ يَرْزُقْهُ مَالاً فَهُوَ صَادِقُ النِّيَّةِ يَقُولُ: لَوْ أَنَّ لِي مَالاً لَعَمِلْتُ بِعَمَلِ فُلاَنٍ فَهُوَ بِنِيَّتِهِ فَأَجْرُهُمَا سَوَاءٌ، وَعَبْدٍ رَزَقَهُ اللَّهُ مَالاً وَلَمْ يَرْزُقْهُ عِلْمًا، فَهُوَ يَخْبِطُ فِي مَالِهِ بِغَيْرِ عِلْمٍ لاَ يَتَّقِي فِيهِ رَبَّهُ، وَلاَ يَصِلُ فِيهِ رَحِمَهُ، وَلاَ يَعْلَمُ لِلَّهِ فِيهِ حَقًّا، فَهَذَا بِأَخْبَثِ الْمَنَازِلِ، وَعَبْدٍ لَمْ يَرْزُقْهُ اللَّهُ مَالاً وَلاَ عِلْمًا فَهُوَ يَقُولُ: لَوْ أَنَّ لِي مَالاً لَعَمِلْتُ فِيهِ بِعَمَلِ فُلاَنٍ فَهُوَ بِنِيَّتِهِ فَوِزْرُهُمَا سَوَاءٌ - الترمذي

**അബൂകബ്ശ അൽ അന്നമാരിയിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) ഇപ്രകാരം പറയുന്നത് അദ്ദേഹം കേട്ടു : "ഞാനൊരു കാര്യം പറയാം,അത് ശ്രദ്ധിച്ച് കേൾക്കുക. ഈ ലോകത്ത് നാല് വിഭാഗം ആളുകളാണുണ്ടാവുക. ഒന്ന് : അല്ലാഹു സമ്പത്തും വിജ്ഞാനവും നൽകിയവൻ. ആ രണ്ടിലും അയാൾ റബ്ബിനെ ഭയപ്പെടുകയും കുടുംബ ബന്ധം ചേർക്കുകയും അല്ലാഹുവിന് അവയിൽ അവകാശമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇദ്ദേഹമാണ് ഏറ്റവും ശ്രേഷ്ഠ പദവിയിലുള്ളത്. രണ്ട്: അല്ലാഹു അറിവ് നൽകി; പക്ഷേ, സമ്പത്ത് നൽകിയില്ല. നല്ല ഉദ്ദേശ്യത്തോടെ അയാൾ ഇങ്ങനെ പറയുന്നു: 'എനിക്ക് സമ്പത്തുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തെപ്പോലെ ഞാനും പ്രവർത്തിക്കുമായിരുന്നു.' നല്ല നിയ്യത്ത് കാരണമായി ആദ്യത്തെ ആൾക്കുള്ള അതേ പ്രതിഫലം ഇദ്ദേഹത്തിനും നൽകപ്പെടും. മൂന്ന് : സമ്പത്ത് നൽകപ്പെട്ടെങ്കിലും വിവരം നൽകപ്പെടാത്തയാളാണ്. അദ്ദേഹം അറിവില്ലാതെ സമ്പത്ത് ചെലവഴിച്ചു. അത് കൈകാര്യം ചെയ്യുന്നതിൽ അല്ലാഹുവിനെ സൂക്ഷിക്കുകയോ അതിലൂടെ കുടുംബ ബന്ധങ്ങൾ ചേർക്കുകയോ അല്ലാഹുവിനതിൽ അവകാശമുണ്ടെന്ന് മനസ്സിലാക്കുകയോ ചെയ്തില്ല. ഇദ്ദേഹമാണ് ഏറ്റവും നികൃഷ്ട പദവിയിലുള്ളത്. നാല്: അല്ലാഹു സമ്പത്തോ അറിവോ നൽകാത്തയാളാണ്. എന്നാൽ അവൻ ഇപ്രകാരം പറയുന്നു: 'അല്ലാഹു എനിക്ക് സമ്പത്ത് നൽകുകയാണെങ്കിൽ ഞാൻ അദ്ദേഹത്തെ (മൂന്നാമൻ)പോലെ പ്രവർത്തിക്കും. അദ്ദേഹവും തന്റെ നിയ്യത്ത് പോലെയാണ്. ഇരുവരുടെയും പാപങ്ങൾ തുല്യവുമാണ്" (തിർമിദി).**

'ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്കണം' എന്ന ആമുഖത്തോടെയുള്ള ഈ പ്രവാചക ഭാഷണം, ശേഷം പറയുന്ന കാര്യങ്ങളുടെ ഗൗരവം സൂചിപ്പിക്കുന്നു. ആളുകളാകെ നാല് സ്വഭാവങ്ങളിലാണുണ്ടാവുക എന്നാണ് ആദ്യം പറയുന്നത്. പിന്നീടവർ ആരൊക്കെയാണെന്ന് വിശദീകരിക്കുന്നു. ആദ്യത്തെയാളും മൂന്നാമത്തെയാളും കർമം ചെയ്യുന്നവരാണ്. രണ്ടും നാലും അവരെ അനുകരിക്കുന്നവരും.

മനുഷ്യ മനസ്സിലേക്കാണ് അല്ലാഹുവിന്റെ നോട്ടം. എന്തു ചെയ്യുന്നു, എന്തു ചിന്തിക്കുന്നു എന്നതിനപ്പുറം ചെയ്തികളുടെയും ചിന്തകളുടെയും പ്രചോദനമെന്താണെന്നാണ് അല്ലാഹു നോക്കുക. ഇതാണ് ഈ ഹദീസിന്റെ പ്രധാന സന്ദേശം.

ബലിയറുക്കുന്നതിനെക്കുറിച്ച് അല്ലാഹു പറഞ്ഞു: 'അവയുടെ മാംസമോ രക്തമോ അല്ലാഹുവെ പ്രാപിക്കുന്നില്ല. മറിച്ച് അല്ലാഹുവിലെത്തിച്ചേരുന്നത് നിങ്ങളുടെ ഭക്തിയാണ്' (22:37).

തന്റെ നെഞ്ചിലേക്ക് മൂന്ന് തവണ ചൂണ്ടിക്കൊണ്ട് 'തഖ്‌വ ഇവിടെയാണ്' എന്ന് റസൂൽ (സ) പറയുകയുണ്ടായി (മുസ്‌ലിം).

റസൂൽ (സ) പറഞ്ഞു: 'അല്ലാഹു ഒരിക്കലും നിങ്ങളുടെ ശരീരങ്ങളിലേക്കോ രൂപങ്ങളിലേക്കോ നോക്കുകയില്ല. നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് അവൻ നോക്കുക' (മുസ്‌ലിം).

സമ്പത്തും വിജ്ഞാനവും അല്ലാഹുവിന്റെ പ്രധാനപ്പെട്ട രണ്ട് അനുഗ്രഹങ്ങളാണ്. അവയെ അല്ലാഹുവിന്റെ പ്രീതിക്കായി പ്രയോജനപ്പെടുത്തുന്നുവെങ്കിൽ ഒരാൾക്ക് ഏറ്റവും ഉയർന്ന പദവികളിലെത്താം. എന്നാൽ ഇവ നൽകപ്പെട്ടില്ലെങ്കിലും തനിക്ക് സമ്പത്തും അറിവും ലഭിക്കുകയാണെങ്കിൽ അവയിലുള്ള അല്ലാഹുവിന്റെ അവകാശങ്ങൾ പൂർത്തിയാക്കുമെന്ന നല്ല വിചാരമുള്ളവനും ഇതേ പ്രതിഫലം ലഭിക്കുമെന്നാണ് അല്ലാഹുവിന്റെ റസൂൽ വാഗ്ദാനം നൽകുന്നത്.

അതുപോലെ വിവരമില്ലാത്ത സമ്പന്നരുടെ ദുഷ്പ്രവൃത്തികളാണ് താൻ അനുകരിക്കുക എന്ന് വിചാരിക്കുന്ന വിവരമില്ലാത്ത ദരിദ്രനും ശിക്ഷയിൽ തുല്യരാണെന്ന് റസൂൽ (സ) താക്കീത് നൽകുന്നു.

ഇപ്രകാരം അവസരങ്ങൾ കൈവന്നാൽ നന്മകൾ ചെയ്യുമെന്ന് വിചാരിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നു. അവസരമൊത്താൽ തിന്മകൾ ചെയ്യുമെന്ന് ദൃഢമായി വിചാരി

ക്കുന്നവർക്ക് അല്ലാഹു ശിക്ഷയും നൽകുന്നു. ഈ തത്ത്വമാണ് മുകളിലെ ഹദീസ് പഠിപ്പിക്കുന്നത്.

ഒരിക്കൽ റസൂൽ പറഞ്ഞു: 'രണ്ട് മുസ്‌ലിംകൾ വാള് കൊണ്ടേറ്റുമുട്ടിയാൽ കൊലയാളിയും കൊല്ലപ്പെട്ടവനും നരകത്തിലാണ്.' ഒരാൾ ചോദിച്ചു: 'കൊലയാളി നരകത്തിലാണെന്നതിന്റെ ന്യായം മനസ്സിലാക്കാം. എന്നാൽ കൊല്ലപ്പെട്ടവൻ എങ്ങനെയാണ് നരകത്തിൽ പ്രവേശിക്കുക?'

റസൂൽ പറഞ്ഞു: 'അവൻ തന്റെ കൂട്ടുകാരനെ കൊല്ലാൻ തീരുമാനിച്ചവനായിരുന്നില്ലേ...?' (ബുഖാരി, മുസ്‌ലിം).

എന്നാൽ, തിന്മ ഉദ്ദേശിക്കുകയും പിന്നീടത് ഉപേക്ഷിക്കുകയും ചെയ്യുന്നവന് ഒരു പുണ്യമുണ്ടെന്ന മറ്റൊരു ഹദീസ് ഇതിനോട് വിയോജിക്കുന്നതായി ചൂണ്ടിക്കാണിച്ചേക്കാം. ഹദീസ് ഇപ്രകാരമാണ്: നബി (സ) പറഞ്ഞു: 'അല്ലാഹു നന്മകളും തിന്മകളും എഴുതി. ഒരാൾ നന്മ കരുതി. പിന്നീടത് ചെയ്യാനായില്ലെങ്കിലും ഒരു പൂർണ പുണ്യം രേഖപ്പെടുത്തും. നന്മ ഉദ്ദേശിച്ച് അത് ചെയ്താൽ അവന് പത്ത് മുതൽ എഴുന്നൂറ് വരെ ഇരട്ടി പ്രതിഫലം രേഖപ്പെടുത്തും. ഒരാൾ ഒരു തിന്മ ചെയ്യാനുദ്ദേശിച്ച് പീന്നീടത് ചെയ്തില്ലെങ്കിൽ ഒരു സമ്പൂർണ നന്മ രേഖപ്പെടുത്തും. ഒരു തിന്മ ഉദ്ദേശിച്ച് അത് ചെയ്താൽ ഒരു തിന്മ മാത്രമേ രേഖപ്പെടുത്തുകയുള്ളൂ' (ബുഖാരി, മുസ്‌ലിം).

ഇവിടെ 'ഒരാൾ ഒരു തിന്മ ചെയ്യാനുദ്ദേശിച്ച് പീന്നീടത് ചെയ്തില്ലെങ്കിൽ ഒരു സമ്പൂർണ നന്മ രേഖപ്പെടുത്തും' എന്നതും മുകളിലെ ഹദീസിലെ, വിവരമില്ലാത്ത സമ്പന്നനെ അനുകരിക്കാൻ തീരുമാനിച്ച നാലാമന് അവന്റെ അതേ ശിക്ഷ ലഭിക്കും എന്നതും വൈരുദ്ധ്യമല്ലേ എന്നതാണ് ചോദ്യം. ഈ സംശയത്തിന് പ്രഗൽഭ പണ്ഡിതൻ ഇബ്നു ബാസ് (1912 –1999) നൽകിയ മറുപടി ഇപ്രകാരമാണ്:

''പാമരനായ പണക്കാരനെ അനുകരിക്കാൻ ആലോചിച്ചവൻ അതിനായി ദൃഢ തീരുമാനമെടുത്തവനാണ്. അവന്റെ ഗതികേട് മാത്രമാണ് അതിന് തടസ്സം നിൽക്കുന്നത്. അതിനാലാണ് അവന് ശിക്ഷയുണ്ടെന്ന് റസൂൽ പറഞ്ഞത്. മുസ്‌ലിമിനെ കൊല്ലാൻ തീരുമാനിച്ച് കൊല്ലപ്പെട്ടവനും കൊലപാതകത്തിന്റെ ശിക്ഷയുണ്ടെന്ന് പറഞ്ഞത് പോലെയാണിത്. എന്നാൽ തിൻമ ചെയ്യാനുദ്ദേശിച്ച് പിന്നീടത് അല്ലാഹുവിനെ ഭയന്ന് ഉപേക്ഷിച്ചവൻ ഇത് പോലെയല്ല. തിന്മ ചെയ്യാൻ ദൃഢ തീരുമാനമെടുക്കാത്തവനാണിവൻ. അതുകൊണ്ടാണ് അവന് ഒരു സമ്പൂർണ നന്മയുണ്ടെന്ന് റസൂൽ വാഗ്ദാനം ചെയ്തത്'' (https://binbaz.org.)

ബാധ്യതകൾ നിർവഹിക്കുന്ന പണ്ഡിതരെയും ധനികരെയും നബി (സ) അത്യധികം പ്രകീർത്തിച്ചിട്ടുണ്ട്: 'രണ്ട് ആളുകളുടെ കാര്യത്തിലല്ലാതെ അസൂയ പാടില്ല. ഒരാൾക്ക് അല്ലാഹു സമ്പത്ത് നൽകി. അതയാൾ അതിന്റെ അവകാശികൾക്ക് നൽകുന്നു. മറ്റൊരാൾക്ക് അല്ലാഹു വിജ്ഞാനം നൽകി. അതനുസരിച്ച് വിധിക്കുകയും അത് പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു' (നസാഈ).

വിജ്ഞാനത്തിന്റെ മഹത്വവും ബാധ്യതയും ഈ ഹദീസ് പ്രത്യേകം എടുത്ത് പറയുന്നുണ്ട്. ഒരു ഹദീസിൽ ഇപ്രകാരം കാണാം: അബുദ്ദർദാഅ് (റ) പറയുന്നു. അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം അരുളുന്നത് ഞാൻ കേട്ടു : 'ആരെങ്കിലും വിജ്ഞാനം തേടാനുള്ള പാതയിൽ പ്രവേശിച്ചാൽ അവനെ അല്ലാഹു സ്വർഗത്തിന്റെ പാതയിലാക്കും. വിദ്യ അഭ്യസിക്കുന്നവനോടുള്ള പ്രീതിയാൽ മലക്കുകൾ ചിറക് വിടർത്തുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള സകലരും, ജലത്തിലെ മൽസ്യങ്ങൾ പോലും, പണ്ഡിതൻമാർക്ക് വേണ്ടി പാപമോചനം തേടുന്നു. അറിവുള്ളവന് ആരാധകനേക്കാൾ, പതിനാലാം രാവിലെ ചന്ദ്രന് ഇതര നക്ഷത്രങ്ങളേക്കാളുള്ള മഹത്വമുണ്ട്. പണ്ഡിതൻമാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകൻമാർ ദീനാറും ദിർഹമുമല്ല അവർക്ക് നൽകിയത്. വിജ്ഞാനമാണ്. അത് ലഭിച്ചവർക്ക് വലിയ വിഹിതമാണ് ലഭിച്ചത്' (അബൂദാവൂദ്, തിർമിദി). പണ്ഡിതൻമാരുടെ വിയോഗം അന്ത്യദിനത്തിന്റെ ലക്ഷണമാണെന്ന് പോലും നബി (സ) സൂചിപ്പിച്ചു.

റസൂൽ (സ) പറഞ്ഞു: 'അന്ത്യദിനത്തിന്റെ മുമ്പായി ചില ദിനങ്ങൾ വരാനിരിക്കുന്നു. അന്ന് അജ്ഞത ഇറങ്ങും. വിജ്ഞാനം ഉയർത്തപ്പെടും. കൊലപാതകങ്ങൾ വർധിക്കും' (ബുഖാരി). സാമ്പത്തിക ബാധ്യതകൾ പൂർണമായി നിർവഹിക്കുന്ന സമ്പന്നരെയും നബി (സ) വളരെയധികം വാഴ്ത്തിയിട്ടുണ്ട്.

ഒരു ഹദീസിൽ ഇപ്രകാരം കാണാം. അബൂ ഹുറയ്റ (റ) പറയുന്നു: മുഹാജിറുകളിലെ പാവങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് വന്ന് പറഞ്ഞു: 'പണക്കാർ ഉയർന്ന പദവികളും അനശ്വര അനുഗ്രഹങ്ങളും കൊണ്ടുപോയി.' റസൂൽ ചോദിച്ചു : 'അതെങ്ങനെ?'

'ഞങ്ങൾ നമസ്കരിക്കുന്നത് പോലെ അവർ നമസ്കരിക്കുന്നു. ഞങ്ങൾ നോമ്പനുഷ്ഠിക്കുന്നത് പോലെ അവർ നോമ്പനുഷ്ഠിക്കുന്നു. എന്നാൽ അവർ ദാനം നൽകുന്നു. ഞങ്ങൾക്ക് ദാനം നൽകാൻ പണമില്ല. അവർ അടിമകളെ മോചിപ്പിക്കുന്നു. ഞങ്ങൾക്ക് അടിമകളെ മോചിപ്പിക്കാൻ ശേഷിയില്ല.'

അപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'നിങ്ങളുടെ മുന്നിലുള്ളവരുടെ കൂടെയെത്താനും, പിറകിലുള്ളവരുടെ കൂടുതൽ മുന്നിലെത്താനും സഹായിക്കുന്ന ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? അപ്രകാരം ചെയ്യുന്നവരല്ലാതെ നിങ്ങളേക്കാൾ ശ്രേഷ്ഠരാവുകയില്ല.'

അവർ പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ റസൂലേ...'

റസൂൽ (സ) പറഞ്ഞു: 'എല്ലാ നമസ്കാരങ്ങൾക്കും ശേഷം 33 വീതം തസ്ബീഹും തക്ബീറും തഹ്മീദും ചൊല്ലുക.'

അവർ അപ്രകാരം ചെയ്തു. പിന്നീട് വീണ്ടും മടങ്ങി വന്ന് അവർ ഇപ്രകാരം ബോധിപ്പിച്ചു: 'ഞങ്ങളുടെ ധനികരായ സഹോദരങ്ങൾ ഞങ്ങൾ ചെയ്യുന്നതെല്ലാം മനസ്സിലാക്കി. അങ്ങനെ അവരും ഞങ്ങളെപ്പോലെ ദിക്റുകൾ ചൊല്ലാൻ തുടങ്ങി.'

അപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'അത് അല്ലാഹുവിന്റെ ഔദാര്യമാണ്. അവനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു.'

ഉയർന്ന പദവിയിലുള്ള ആളുടെ പ്രധാന പുണ്യങ്ങളിലെണ്ണിയ മറ്റൊന്ന് കുടുംബ ബന്ധം ചേർക്കലാണ്. ഇസ്‌ലാം അത്യധികം പ്രാധാന്യം നൽകുന്ന വിഷയമാണ് കുടുംബ ബന്ധം ചേർക്കൽ.

'ജീവിത വിഭവങ്ങൾ വർധിക്കണമെന്നും മരണശേഷം തന്റെ സ്മരണകൾ നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നവർ കുടുംബ ബന്ധം ചേർക്കട്ടെ' എന്ന് അല്ലാഹുവിന്റെ റസൂൽ പറയുന്നുണ്ട് (ബുഖാരി, മുസ്‌ലിം).

'കുടുംബ ബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' എന്നും റസൂൽ താക്കീത് നൽകിയിട്ടുണ്ട് (ബുഖാരി, മുസ്‌ലിം).

ഇപ്രകാരം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളായ വിജ്ഞാനവും സമ്പത്തും നൽകപ്പെട്ടവർ അവയുടെ ബാധ്യതകൾ നിർവഹിക്കണമെന്നും, നൽകപ്പെടാത്തവർ അവ ലഭിക്കുകയാണെങ്കിൽ അവയുടെ ബാധ്യതകൾ നിർവഹിക്കുമെന്ന സദ്‌വിചാരം പുലർത്തണമെന്നുമാണ് ഈ ഹദീസ് വിശ്വാസികളെ പഠിപ്പിക്കുന്നത്. ●